# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 225 — 20.06.2012 ൽ മറുപടിയ്ക്ക്

## പിന്നോക്ക സമുദായ കടാശ്വാസ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൻവർ സാദത്ത്<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.എം.പി.വിൻസെന്റ് | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) പിന്നോക്ക സമുദായ വികസന കോർപ്പറേഷൻ ദുർബല വിഭാഗങ്ങളെ സാമ്പത്തികമായി സഹായിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; | (എ) കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മറ്റ് പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമ്പത്തിക ഉന്നമനത്തിനായി; കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ (KSBCDC)- സ്വന്തം ഫണ്ട് ഉപയോഗിച്ചും ദേശീയ ഏജൻസികളായ നാഷണൽ ബാക്ക്‌വേർഡ് ക്ലാസ്സസ് ഫിനാൻസ് & ഡെവലപ്മെന്റ് കോർപ്പറേഷൻ( NBCFDC)നാഷണൽ മൈനോറിറ്റീസ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ(NMDFC )എന്നിവയുടെ സഹായത്തോടെയും താഴെപ്പറയുന്ന വിവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. സ്വയം തൊഴിൽ വായ്പ<br>2. ന്യൂ സ്വർണ്ണിമ വായ്പ<br>3. സാക്ഷം സ്വയംതൊഴിൽ വായ്പാ പദ്ധതി<br>4. വിദ്യാഭ്യാസ വായ്പ<br>5. ശിൽപ് സമ്പദ വായ്പ<br>6. ലഘു വായ്പ<br>7. മഹിളാ സമൃദ്ധി യോജന<br>8. കൃഷി സമ്പദ വായ്പ<br>9. വിദേശത്ത് ജോലി നേടി പോകുന്നവർക്കുള്ള വായ്പ<br>10.പെൺകുട്ടികളുടെ വിവാഹ വായ്പ<br>11. വിദ്യാർത്ഥികൾക്കുള്ള കംപ്യൂട്ടർ വായ്പ<br>12.ഉദ്യോഗസ്ഥർക്കുള്ള വാഹന വായ്പ<br>13. ഉദ്യോഗസ്ഥർക്കുള്ള കൺസ്യൂമർ ഡ്യൂറബിൾ വായ്പ<br>14. സ്വസ്ഥഗൃഹ വായ്പ<br>15.പ്രവർത്തന മൂലധന വായ്പ<br>16. ഭവനശ്രീ വായ്പ<br>17.വിദ്യാശ്രീ വായ്പ<br>18.സുവർണ്ണശ്രീ വായ്പ<br>19.ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ<br>വായ്പാ പദ്ധതികൾക്കു പുറമേ യുവതീ യുവാക്കൾക്ക് സൗജന്യ തൊഴിലധിഷ്ഠിത പരിശീലനം, സ്വയം -സഹായ സംഘങ്ങൾക്ക് ഏകദിന പരിശീലനം എന്നിവയും നടപ്പാക്കിവരുന്നു. |

(ബി) ഇവർക്കായി ഒരു കടാശ്വാസ പദ്ധതിക്ക് രൂപം നൽകുന്ന കാര്യം പരിഗണിക്കുമോ;

(ബി) കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത് 31.03.2011-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞിട്ടും സാമ്പത്തിക പരാധീനത മൂലം കുടിശ്ശിക അടച്ചുതീർക്കാൻ കഴിയാത്തവരുമായ ഗുണഭോക്താക്കൾക്ക് പരമാവധി ഇളവും സാവകാശവും അനുവദിച്ചുകൊണ്ട് 02.06.2012 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 78/2012/പി.സ.വി.വ പ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.ഗുണഭോക്താക്കൾക്ക് പ്രയോജനപ്രദവും ആശ്വാസദായകവുമായ പ്രസ്തുത പദ്ധതി നടപ്പാക്കുമ്പോൾ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കേണ്ടതായ പിഴപ്പലിശ പൂർണ്ണമായും പലിശയുടെ 50% -ഉം ഒഴിവാക്കപ്പെടുന്നതാണ്. കൂടാതെ വായ്പ കുടിശ്ശിക അടച്ചുതീർക്കുന്നതിന് ഗുണഭോക്താക്കൾക്ക് 31.12.2012 വരെയുള്ള കാലത്തേക്ക് സാവകാശം ലഭിക്കുന്നതാണ്.

(സി) എന്തെല്ലാം ആശ്വാസങ്ങളാണ് ഈ പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് നൽകുവാനാകുന്നത്;

(സി) ഈ പദ്ധതിയിലൂടെ കുടിശ്ശികയുള്ള വായ്പയിൽ ബാക്കിനിൽക്കുന്ന പിഴപ്പലിശ പൂർണ്ണമായും ബാക്കി നിൽക്കുന്ന പലിശയുടെ 50%-ഉം ഇളവ് ലഭിക്കും.

(ഡി) ഒറ്റത്തവണ തീർപ്പാക്കാൻ സംവിധാനം പ്രസ്തുത പദ്ധതിയ്ക്ക് ബാധകമാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ?

(ഡി) 02.06.2012 ലെ സ.ഉ.(എം.എസ്)78/2012/പി.സ.വി.വ പ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ സംവിധാനം ഏർപ്പെടുത്താനും ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ